**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5471** **03-11-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനായി നടത്തുന്ന പദ്ധതികൾ വ്യക്തമാക്കാമോ; | (എ) | ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വണ്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 13 ലക്ഷം രൂപയുടേയും കിഴക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 8 ലക്ഷം രൂപയുടേയും നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ തേങ്കുറിശ്ശി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 15 ലക്ഷം രൂപയുടേയും കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ 14 ലക്ഷം രൂപയുടേയും നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ മേലാർകാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിര ഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം എൻ.എച്ച്.എം വഴി അനുവദി ച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ ആർദ്രം പദ്ധതികളുടെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി തിരഞ്ഞെടുത്തിരിക്കുന്ന ടി സ്ഥാപനങ്ങളിൽ ലബോറട്ടറി- സൗകര്യം ഒരുക്കുന്നതിന് എൻ.എച്ച്.എം വഴി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നവീകരിച്ച് ബ്ലോക്ക് തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായിയുള്ള നവീകരണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കോവിഡ് -19ന്റെ പശ്ചാലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാ നത്തെ 140 നിയോജക മണ്ഡലങ്ങളിലും |

| | | | |
|---|---|---|---|
| | | | ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ടി നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 പ്രോജക്റ്റ് മുഖേന 56,08,801/-രൂപയുടെ നവീകരണ പദ്ധതി കൾ നടപ്പിലാക്കുന്നുണ്ട്. (കുട്ടികളുടെ വാർഡ് നിർമ്മാണം, ഒ.പി കൗണ്ടർ നവീകരണം , ഒ.പി വിഭാഗം നവീകരണം, ഡ്രെയിനേജ് പുനർനിർമ്മാണം എന്നിവ). |
| (ബി) | ആലത്തൂർ താലൂക്കാശുപത്രിയിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് യൂണിറ്റ്, അത്യാഹിത വിഭാഗം, രോഗ പരിശോധന സംവിധാനങ്ങൾ എന്നിവയുടെ നവീകരണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 12.31കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ ഹൈറ്റ്സ് തയ്യാറാക്കിയ വിശദ പദ്ധതി രേഖ പരിശോധിച്ച് 26.02.2021 ന് കിഫ്ബി 11.039 കോടി രൂപയുടെ സാമ്പത്തി കാനുമതിയും നൽകിയിട്ടുണ്ട്. നവീകരണത്തിനുള്ള പദ്ധതി രേഖ കിഫ്ബി ഡിസൈൻ റിവ്യൂ നടത്തി വരികയാണ്. ആയത് പൂർത്തിയായതിനു ശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബി മുഖേന 1.568 കോടി രൂപയ്ക്ക് സ്ഥാപനത്തിലേയ്ക്ക് അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡയാലിസിസ്സ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ